DESPATCHED
On..29/3/22.



22/3/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 2024(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 17181/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 മാർച്ച് 22**

ശ്രീ. അബ്ദുൽ റഹിം,
ചീരാമത്ത് വീട്,
മലമേൽ ഭാഗം, കരീലക്കുളങ്ങര പി.ഒ.,
കായംകുളം. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കയർഫെഡ്,
പി.ബി.നം. 4616, ആലപ്പുഴ – 688 012.

2) അപ്പീൽ അധികാരി &
മാനേജിംഗ് ഡയറക്ടർ,
കയർഫെഡ്,
പി.ബി.നം. 4616, ആലപ്പുഴ – 688 012. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 28/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 04/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി<br>രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 21/12/2021, 28/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 01/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 22/03/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ., എ.എ. | ഹാജരായി – ആഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അബ്ദുൾ റഹീം, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് നേരിട്ട് ചെന്ന് രേഖകൾ പരിശോധിച്ച് പകർപ്പുകൾ എടുക്കുന്നതിന് അനുമതി നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും എന്നാൽ ടിയാന് ശാരീരിക ബുദ്ധിമുട്ടുകൾ

ഉള്ളതിനാൽ നേരിട്ട് ചെന്ന് രേഖകൾ പരിശോധിക്കാൻ കഴിയില്ലെന്നും, ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. 28.7.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കയർഫെഡിലെ ജീവനക്കാരനായിരുന്ന ടിയാന്റെ 1.1.1996 മുതൽ ടിയാൻ വിരമിച്ച തീയതിയായ 31.5.2017 വരെ കൈപ്പറ്റിയുള്ള ശമ്പളം, അടിസ്ഥാനശമ്പളം, വേരിയബിൾ ഡി.എ. എന്നിവ പ്രത്യേകം പ്രത്യേകം കാണിച്ചുള്ള ഓരോ മാസത്തെയും സ്റ്റേറ്റ്മെന്റ് നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 18.8.2021 തീയതി ഇൻഫർമേഷൻ ആഫീസർ നൽകിയ മറുപടിയിൽ അറിയിച്ചത്, 31.5.2017 തീയതിയിൽ കയർഫെഡ് സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. ഒ.അബ്ദുൾ റഹീം എന്ന ഹർജിക്കാരന് ഓരോ മാസത്തെ ശമ്പളത്തോടൊപ്പവും ടിയാൻ ആവശ്യപ്പെട്ടിട്ടുള്ള വിശദവിവരങ്ങൾ അടങ്ങിയ സാലറി സ്ലിപ്പും നൽകിയിട്ടുള്ളതാണെന്നും ആയതിനാൽ 1.1.1996 മുതൽ 31.5.2017 കാലയളവ് (21 വർഷവും 5 മാസവും) വരെയുള്ള അടിസ്ഥാന ശമ്പളം, വേരിയബിൾ ഡി.എ. മറ്റ് അലവൻസുകൾ എന്നിവ കാണിച്ചുകൊണ്ടുള്ള വിവരങ്ങൾ ടിയാൻ സർവ്വീസ് കാലയളവിൽ ടി ആഫീസിൽ നിന്നും നൽകിയിട്ടുള്ള വിവരങ്ങളാണെന്നും കയർഫെഡിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് കേരള വിവരാവകാശ നിയമം ചട്ടം 4(ഡി) അനുസരിച്ച് 2021 സെപ്റ്റംബർ 6, 7 എന്നീ പ്രവർത്തി ദിവസങ്ങളിൽ ടി ആഫീസിൽ വന്ന് രേഖകൾ പരിശോധിക്കുന്നതിനും ആവശ്യമായ കാര്യങ്ങൾ എഴുതിയെടുക്കുന്നതിനും അവസരം നൽകുന്നതാണെന്നുമാണ്. ഹർജിക്കാരൻ 4.11.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയ്ക്ക് നാളിതുവരെ വിവരങ്ങൾ നൽകിയിട്ടില്ല എന്നാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത് 1.1.1996 മുതൽ 31.5.2017 വരെയുള്ള കാലയളവിൽ കയർഫെഡിൽ നിന്നും ടിയാൻ വാങ്ങിയിട്ടുള്ള അടിസ്ഥാന ശമ്പളം, വേരിയബിൾ ഡി.എ. അടക്കമുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന ശമ്പളത്തെ സംബന്ധിച്ചുള്ള വിവരങ്ങളാണെന്നും ടി വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന പേ സ്ലിപ്പ് എല്ലാ ജീവനക്കാർക്കും നൽകുന്നതുപോലെ ടി കാലങ്ങളിൽ അദ്ദേഹത്തിനും ശമ്പളത്തോടൊപ്പം തന്നെ നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരന്റെ മാത്രമായിട്ടുള്ള ഇത്രയും കാലയളവിലെ ശമ്പളവിവരങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റുമെന്റ് ബന്ധപ്പെട്ട സെക്ഷനിൽ ലഭ്യമല്ലെന്നും മുഴുവൻ ജീവനക്കാർക്കും നൽകിയിട്ടുള്ള മാസശമ്പള സ്റ്റേറ്റുമെന്റിൽ നിന്നും അപേക്ഷകന്റെ മാത്രമായി തയ്യാറാക്കി നൽകുവാൻ കൂടുതൽ മനുഷ്യപ്രയത്നം

ആവശ്യമായിട്ടുള്ളതാണെന്നും കൂടാതെ കയർഫെഡിൽ ക്ലറിക്കൽ വിഭാഗത്തിൽ 60–ൽ അധികം ജീവനക്കാർ ജോലി ചെയ്തിരുന്ന സ്ഥാനത്ത് നിലവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമനം നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ നാമമാത്രമായ ജീവനക്കാർ മാത്രമാണ് ഇപ്പോൾ ജോലി ചെയ്തു വരുന്നതെന്നും കയർഫെഡിൽ വ്യാപാര സംബന്ധമായും, ആഡിറ്റ് സംബന്ധമായും, ജോലികൾ സമയബന്ധിതമായി ചെയ്തു തീർക്കേണ്ട സാഹചര്യം നിൽനിൽക്കുകയാണെന്നും കൂടാതെ ജീവനക്കാർക്ക് തന്നെ കോവിഡ് രോഗം പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ അവർക്ക് കൃത്യമായി ജോലിയ്ക്ക് ഹാജരാകുവാൻ പറ്റാതെ വരുന്ന സാഹചര്യമാണുള്ളതെന്നും മേൽ പറഞ്ഞ സാഹചര്യത്തിലും കയർഫെഡിലെ ക്ലറിക്കൽ വിഭാഗത്തിൽ നിന്നും വിരമിച്ച ജീവനക്കാരനായിരുന്ന ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ സമയാസമയം ശമ്പളത്തോടൊപ്പം നൽകിയിട്ടുള്ളതാണെങ്കിലും ടിയാന്റെ അപേക്ഷ പരിഗണിച്ച് 2021 സെപ്റ്റംബർ മാസത്തിലെ 6, 7 എന്നീ പ്രവൃത്തി ദിവസങ്ങളിൽ ആഫീസിൽ വന്ന് രേഖകൾ പരിശോധിക്കുന്നതിനും, ആവശ്യമായവ കുറിച്ചെടുക്കുന്നതിനും 18.8.2021–ന് അറിയിച്ചിട്ടുള്ളതാണെന്നും എന്നാൽ ഈ അവസരം ഉപയോഗപ്പെടുത്താതെ ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് നൽകിയ കത്തിനും ഇതേ മറുപടി തന്നെ നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, 1.1.1996 മുതൽ 31.5.2017 വരെയുള്ള ശമ്പളത്തിന്റെ വിശദാംശമാണ് ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് കാണുന്നു. ഹർജിക്കാരന്റെ മാത്രമായിട്ടുള്ള 21 വർഷത്തിലധികം കാലയളവിലെ ശമ്പള വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് സെക്ഷനിൽ ലഭ്യമല്ലാത്തതിനാലും ഒരാളുടെ ശമ്പള സ്റ്റേറ്റ്മെന്റ് മാത്രമായി തയ്യാറാക്കി നൽകുന്നതിന് ഏറെ മനുഷ്യാധ്വാനം ആവശ്യമായിട്ടുള്ളതിനാലും ജീവനക്കാരുടെ പരിമിതി മൂലവുമാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നൽകാൻ കഴിയാതിരുന്നതും നേരിട്ട് പരിശോധിച്ച് ആവശ്യമുള്ളവ എഴുതിയെടുക്കുന്നതിന് അനുമതി നൽകിയിരുന്നതെന്നും കാണുന്നു. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ബോധപൂർവ്വമായോ മന:പ്പൂർവ്വമായോ വിവരം നിഷേധിച്ചതായി കാണുവാൻ കഴിയില്ല. എന്നാൽ ഹർജിക്കാരൻ ഒരുപാട് ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഒരു വ്യക്തിയായതിനാലും, കണ്ണിന്റെ കാഴ്ചശക്തി വളരെ കുറവായതിനാലുമാണ് ഓഫീസിൽ നേരിട്ട് ചെന്ന് രേഖകൾ എടുക്കുന്നതിന് പ്രയാസമുള്ളതെന്ന് ബോധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ടി രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഹർജിക്കാരനോ ടിയാന്റെ പ്രതിനിധിക്കോ ഒരു അവസരം കൂടി ഒന്നാം എതിർകക്ഷി നൽകണമെന്നും ഭാവിയിൽ

വിവരാവകാശ നിയമപ്രകാരം നൽകുന്ന മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി തുടങ്ങിയ 30.3.2016 ലെ 69503/സി.ഡി.എൻ-5/2015/ജിഎഡി നമ്പർ സർക്കുലറിൽ നിഷ്കർഷിക്കും പ്രകാരമുള്ള വിവരങ്ങൾ കൂടി രേഖപ്പെടുത്തി വേണം വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകേണ്ടതെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ഹർജിക്കാരൻ 04.11.2021-ന് നൽകിയ ഒന്നാം അപ്പീൽ രണ്ടാം എതിർകക്ഷി സമയബന്ധിതമായി തീർപ്പാക്കി ഹർജിക്കാരന് മറുപടി നൽകിയതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷി ഇക്കാര്യത്തിലുള്ള ടിയാന്റെ വിശദീകരണം 10.4.2022-നകം കമ്മീഷനിൽ ഹാജരാക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 22-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

us